**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം -2014 ലോക് സഭ ഇലക്ഷൻ - കണ്ണൂർ ജില്ലയിലെ ധർമ്മടം നിയമസഭാ നിയോജക മണ്ഡലത്തിന്റെ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറും, പാലക്കാട് അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)ഉം ആയിരുന്ന ശ്രീ.വി.എം.അബ്ദുൾ കാജ അനധികൃതമായി ഇലക്ഷൻ ഡ്യൂട്ടിക്ക് ഹാജരാകാതെ കമ്മ്യൂട്ടഡ് ലീവിൽ പ്രവേശിച്ചത് - അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ (സാധാ)നമ്പർ.1491/2015/തസ്വഭവ, തിരുവനന്തപുരം,തീയതി,19/05/2015

---

പരാമർശം :-
1. സ.ഉ.(സാധാ) നമ്പർ 404/2014/തസ്വഭവ, തീയതി 13.02.2014.
2. ഗ്രാമവികസന കമ്മീഷണറുടെ 03.03.2014 തീയതിയിലെ 1718/എസ്റ്റാഎ 1/2014/സിആർഡി നമ്പർ നടപടിക്രമം
3. സ.ഉ.(സാധാ) നമ്പർ 1045/2014/തസ്വഭവ, തീയതി 28.04.2014.
4. ശ്രീ.വി.എം.അബ്ദുൾ കാജക്ക് 06.06.2014 തീയതിയിൽ നൽകിയ 21271/ഇആർബി1/2014/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
5. ശ്രീ.വി.എം.അബ്ദുൾ കാജ, 25.07.2014 തീയതിയിൽ സമർപ്പിച്ച പ്രതിവാദപത്രിക.
6. സ.ഉ.(സാധാ) നമ്പർ 2382/2014/തസ്വഭവ, തീയതി. 12.09.2014.
7. ഗ്രാമവികസന കമ്മീഷണറുടെ 23.03.2015 തീയതിയിലെ 13911/എസ്റ്റാഎ 3/2015/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ആയ ശ്രീ.വി.എം.അബ്ദുൾ കാജയെ 2014 ലോക് സഭാ പൊതു തെരഞ്ഞെടുപ്പുമായി

ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ അസിസ്റ്റന്റ് ഡെവലപ് മെന്റ് കമ്മീഷണർ (ജനറൽ)ആയും ധർമ്മടം (012) നിയമസഭാ നിയോജക മണ്ഡലത്തിന്റെ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറായും നിയമിച്ച കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ശ്രീ.വി.എം.അബ്ദുൾ കാജ 15.02.2014 മുതൽ 90 ദിവസത്തേക്ക് കമ്മ്യൂട്ടഡ് ലീവിന് അപേക്ഷിക്കുകയും, പ്രസ്തുത അപേക്ഷയിന്മേൽ അവധി അനുവദിക്കുന്നതിനു മുമ്പേ ലീവിൽ പ്രവേശിക്കുകയും ചെയ്തു.

ദേശീയ പ്രധാന്യമുള്ള പൊതു തെരഞ്ഞെടുപ്പിൽ നിയമിക്കപ്പെട്ട ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ ശ്രീ.വി.എം.അബ്ദുൾ കാജയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യ വിലോപവും, ഇലക്ഷൻ നടപടികളോടും, ഇലക്ഷൻ കമ്മീഷനോടുമുള്ള ധിക്കാരവും കണക്കിലെടുത്ത് ടിയാനെ ഗ്രാമവികസന കമ്മീഷണർ സർക്കാർ സാധൂകരണത്തിന് വിധേയമായി സർവ്വീസിൽ നിന്ന് പരാമർശം (2) പ്രകാരം സസ്പെന്റ് ചെയ്യുകയും, ടി നടപടിക്ക് സർക്കാർ പരാമർശം (3) പ്രകാരം സാധൂകരണം നൽകുകയുമുണ്ടായി.

മേൽ വിഷയവുമായി ബന്ധപ്പെട്ട് കണ്ണൂർ എ.ഡി.സി.(ജനറൽ) ആയിരുന്ന ശ്രീ.വി.എം.അബ്ദുൾ കാജക്കെതിരെ പരാമർശം (4) പ്രകാരം സർക്കാർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും, ആയതിന് ടിയാൻ പരാമർശം (5) പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീ.വി.എം.അബ്ദുൾ കാജക്കെതിരെയുള്ള അച്ചടക്ക നടപടി തുടരാൻ അനുവദിച്ച കൊണ്ട് ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് പരാമർശം (6) പ്രകാരം ടിയാനെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയും ചെയ്തു.

ശാരീരിക അസുഖങ്ങളും മറ്റ് അനുബന്ധ അസ്വസ്ഥതകളും കാരണമാണ് ടിയാൻ 15.02.2014 മുതൽ 16.05.2014 വരെയുള്ള 90 ദിവസക്കാലയളവിലേക്ക് മെഡിക്കൽ ഗ്രൗണ്ടിൽ കമ്മ്യൂട്ടഡ് ലീവിന് അപേക്ഷിക്കുകയും, ആയത് പാലക്കാട്

ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ചീഫ് ഇലക്ടറൽ ഓഫീസറുടെ അനുമതിക്ക് വിധേയമായി അവധി അംഗീകരിക്കുകയും തുടർന്ന് പ്രസ്തുത ഉത്തരവ് നിർദ്ദേശിച്ച പ്രകാരം എ.ഡി.സി.(പിഎ)ക്ക് ചാർജ്ജ് കൈമാറി അവധിയിൽ പ്രവേശിക്കുകയും ചെയ്തതായും, മേൽ അവധി അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് ഉചിത മാർഗ്ഗേന അയച്ചു കൊടുത്തിരുന്നതായും, ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് പകരം കണ്ണൂർ ജില്ലയിലെ ധർമ്മടം എൽ.എ.സി.യിലേക്ക് പുതിയ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറെ നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ചീഫ് ഇലക്ടറൽ ഓഫീസറോട് പാലക്കാട് ജില്ലാ കളക്ടർ അപേക്ഷിച്ചിരുന്നതായും, മേൽ സാഹചര്യം നിലനിൽക്കെ ചീഫ് ഇലക്ടറൽ ഓഫീസറുടെ അംഗീകാരം ലഭിച്ചില്ലെന്ന കാരണത്താൽ ടിയാന് അനുവദിച്ച അവധി ജില്ലാ കളക്ടർ റദ്ദ് ചെയ്തതായും, തുടർന്ന് ടിയാൻപുതുക്കിയ അവധി അപേക്ഷ സമർപ്പിക്കുകയുണ്ടായെന്നും നടപടി ക്രമങ്ങളൊന്നും പാലിക്കാതെ ടിയാനെ സസ്പെന്റ് ചെയ്തു കൊണ്ട് ഗ്രാമവികസന കമ്മീഷണർ ഉത്തരവിറക്കുകയാണുണ്ടായതെന്നും, ശ്രീ.വി.എം. അബ്ദുൾ കാജയുടെ പ്രതിവാദപത്രികയിൽ പറയുന്നു.

കൂടാതെ ടിയാന് അവധി അനുവദിച്ചു കൊണ്ടുള്ള ജില്ലാ കളക്ടറുടെ ഉത്തരവിന് ചീഫ് ഇലക്ടറൽ ഓഫീസർ നാളിതുവരെ തടസ്സവാദം ഉന്നയിക്കുകയോ, ആയത് റദ്ദ് ചെയ്യുവാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ലെന്നും, ചീഫ് ഇലക്ടറൽ ഓഫീസറുടെ 26.02.2014 ലെ 200/ഇ 13/2014/ഇലക്ഷൻ കത്ത് പ്രകാരം അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറായി നിയമനം നൽകിയവരെ സംബന്ധിച്ച് ആവശ്യപ്പെട്ട വിവരങ്ങളിലെ ചോദ്യാവലിയിലെ മൂന്നാം വിഭാഗത്തിന്മേൽപ്പെട്ടയാളാണ് ടിയാനെന്നും, ടിയാൻ ശാരീരിക അവശത മൂലം അവധിയിലായതിനാൽ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറായി ജോലി ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണെന്നും പകരം ഉചിതമായ നിയമനം നടത്താനുള്ള നടപടി സ്വീകരിക്കണമെന്നും ചീഫ് ഇലക്ടറൽ ഓഫീസറെയും

കണ്ണൂർ ജില്ലാ കളക്ടറെയും 26.02.2014 ന് തന്നെ ഇ-മെയിൽ മുഖേ അറിയിച്ചിരുന്നതായും പ്രതിവാദപത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ.വി.എം.അബ്ദുൾ കാജയുടെ പ്രതിവാദപത്രികയിന്മേൽ പരാമർശം (7) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശ്രീ.വി.എം.അബ്ദുൾ കാജ, അനാരോഗ്യം നിമിത്തമാണ് 15.02.2014 മുതൽ 16.05.2014 തീയതി വരെയുള്ള 90 ദിവസക്കാലയളവിലേക്ക് മെഡിക്കൽ ഗ്രൌണ്ടിൽ കമ്മ്യൂട്ടഡ് ലീവിന് അപേക്ഷ നൽകിയത് ശരിയാണെന്നും, ടിയാന്റെ അവധിയ്ക്കുള്ള അപേക്ഷ പാലക്കാട് ജില്ലാ കളക്ടറുടെ 17.02.2014 തീയതിയിലെ ആർ.ഡി.1-457/2014 നമ്പർ ഉത്തരവ് പ്രകാരം പരിഗണിക്കുകയും, ചീഫ് ഇലക്ടറൽ ഓഫീസറുടെ അനുമതിക്ക് വിധേയമായി അംഗീകരിക്കാൻ തീരുമാനിക്കുകയും ചെയ്തതായും എന്നാൽ ചീഫ് ഇലക്ടറൽ ഓഫീസിൽ നിന്നും അനുകൂലമായ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ജില്ലാ കളക്ടർ 25.02.2014 തീയതിയിലെ ആർ.ഡി.1-457/2014 നമ്പർ ഉത്തരവ് പ്രകാരം, അവധി റദ്ദാക്കുകയാണ് ചെയ്തതെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ 2014 ലോക് സഭ ഇലക്ഷൻ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറായി (കണ്ണൂർ ജില്ലയിലെ ധർമ്മടം എൽ.എ.സി.യുടെ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറായി) നിയമിച്ച ശ്രീ.വി.എം.അബ്ദുൾ കാജക്ക് ചീഫ് ഇലക്ഷൻ കമ്മീഷണറുടെ ഉത്തരവ് അനുസരിക്കാൻ ഉത്തരവാദപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ കണ്ണൂർ ജില്ലാ കളക്ടർക്ക് മുമ്പായി ഹാജരായി അവധിയ്ക്കുള്ള അപേക്ഷ നൽകി, ചീഫ് ഇലക്ഷൻ കമ്മീഷണറിൽ നിന്നും മുൻകൂർ അനുമതിയോടെ അവധിയിൽ പ്രവേശിക്കാമായിരുന്നെന്നും, അതിനു പകരം അനധികൃതമായി കമ്മ്യൂട്ടഡ് ലീവിൽ പ്രവേശിച്ചത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലുണ്ടായ വീഴ്ചയായി കണക്കാക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ.വി.എം.അബ്ദുൾ കാജയെ കണ്ണൂർ ജില്ലയിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)ആയും ധർമ്മടം (012) നിയമസഭാ നിയോജക മണ്ഡലത്തിന്റെ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറായും സ്ഥലം മാറ്റി നിയമിച്ചെങ്കിലും ടിയാൻ കമ്മ്യൂട്ടഡ് ലീവിനപേക്ഷിക്കുകയും,ലീവ് അനുവദിക്കുന്നതിന് മുമ്പ് അവധിയിൽ പ്രവേശിക്കുകയും, ഇലക്ഷൻ ഡ്യൂട്ടിക്ക് ഹാജരാകാതിരിക്കുകയും ചെയ്തത് ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപവും, അച്ചടക്കലംഘനവും, ഇലക്ഷൻ കമ്മീഷനോടുള്ള അവഗണനയും ധിക്കാരപരമായ സമീപനവുമാണ്. ഈ സാഹചര്യത്തിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.വി.എം.അബ്ദുൾ കാജക്കെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.ശ്രീകല**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.വി.എം.അബ്ദുൾ കാജ, അസിസ്റ്റന്റ് ഡവലപ് മെന്റ് കമ്മീഷണർ (ജനറൽ), കണ്ണൂർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, കോഴിക്കോട്.
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ